SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
**Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com**

No. DCA/250/18/SCOLE-Kerala Date:09.05.2018

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ മൂന്നാം ബാച്ച്
## പൊതു പരീക്ഷ മെയ് -2018

### തിയറി പരീക്ഷ നടത്തിപ്പിനായി മുൻകൂർ അനുവദിച്ച തുക ചെലവഴിക്കുന്നതിനും കണക്ക് തീർപ്പാക്കുന്നതിനുമുള്ള- മർഗ്ഗനിർദ്ദേശങ്ങൾ

1 പരീക്ഷ നോട്ടിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രതിഫല നിരക്ക് (പേജ് നം. 21) പ്രകാരം താങ്കളുടെ കേന്ദ്രത്തിന് പരമാവധി അനുവദിക്കാവുന്ന തുകയാണ് മുൻകൂർ ആയി അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം അർഹമായ തുക മാത്രം ചെലവഴിക്കുകയും ബാക്കി തുക എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരളയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി തിരിച്ച് അടക്കേണ്ടതാണ്.

2 ചീഫ് സൂപ്രണ്ടിന് പ്രതിദിനം 425/- രൂപ നിരക്കിൽ പരമാവധി 5 ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

3 ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിന് പ്രതിദിനം 400/- രൂപ നിരക്കിൽ പരമാവധി 5 ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

4 ഇൻവിജിലേറ്ററിന് പ്രതിദിനം 375/- രൂപ നിരക്കിൽ പരമാവധി അഞ്ച് ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

5 പ്രിൻസിപ്പാളിനെ സഹായിക്കുന്ന ക്ലർക്ക്/ലാബ് അസിസ്റ്റന്റിന് പ്രതിദിനം 200/- രൂപ നിരക്കിൽ പരമാവധി അഞ്ച് ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

6 പരീക്ഷ സംബന്ധമായ ആവശ്യങ്ങൾക്കുള്ള സ്റ്റേഷണറി സാധനങ്ങൾക്ക് പരമാവധി 300/- രൂപ ചെലവഴിക്കാം. ഇക്കാര്യം ചെലവഴിച്ച തുകയുടെ ബില്ലിൽ ചീഫ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

7 പരീക്ഷാ സംബന്ധമായ ഫോട്ടോകോപ്പി ആവശ്യങ്ങൾക്കായി പരമാവധി 300/- രൂപ ചെലവഴിക്കാം. ഇക്കാര്യം ചെലവഴിച്ചതുകയുടെ ബില്ലിൽ ചീഫ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

8 പരീക്ഷ സംബന്ധമായ തപാൽ ചെലവുകൾക്ക് വേണ്ടി പരമാവധി 600/- രൂപ ചെലവഴിക്കാം. ഇക്കാര്യം ചെലവഴിച്ച തുകയുടെ ബില്ലിൽ ചീഫ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

9 ഫാറം നം. V - തിയറി പരീക്ഷയ്ക്ക് ഹാജരായിട്ടുള്ള വിദ്യാർത്ഥികളുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

10 നോട്ടിഫിക്കേഷനിൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്കും നിരക്കുകളിലും മാത്രമെ തുക ചെലവഴിക്കാൻ പാടുള്ളു. ഇക്കാര്യം ചീഫ് സൂപ്രണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11 മുൻകൂർ അനുവദിച്ച തുകയുടെ കണക്ക് തീർപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ഫാറം നം. I മുതൽ V വരെയുള്ളതിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി, പരീക്ഷ കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം- 695012 എന്ന വിലാസത്തിൽ രജിസ്ട്രേഡ്/ സ്പീഡ് പോസ്റ്റ് മുഖേന അയക്കേണ്ടതാണ്.

**ഒപ്പ്**

**സെക്രട്ടറി**

ഡി.സി.എ പരീക്ഷാ ബോർഡ്/
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള

സ്വീകർത്താവ്,

1. ചീഫ് സൂപ്രണ്ടുമാർ/പ്രിൻസിപ്പാൾ
   ബന്ധപ്പെട്ട ഡി.സി.എ പരീക്ഷ കേന്ദ്രങ്ങൾ
2. ഓഫീസർ ഇൻ ചാർജ്ജുമാർ
   സ്കോൾ-കേരള

പകർപ്പ്,

സെക്രട്ടറി, സ്കോൾ-കേരള

എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ

ക്യാഷ് സെക്ഷൻ

എ1/ഓഡിറ്റ് സെക്ഷൻ

ഡി.സി.എ സെക്ഷൻ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി